**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2525** — **12-10-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. സേവനങ്ങൾ ഓൺലൈനിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. യുടെ സേവനങ്ങൾ വാതിൽപ്പടിയിൽ ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | പൊതുജനങ്ങൾക്ക് സുരക്ഷിതമായ രീതിയിൽ വൈദ്യുതി സംബന്ധമായ സേവനങ്ങൾ നൽകുന്നതിന് 'സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതി എല്ലാ സെക്ഷൻ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇത് പ്രകാരം പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും, ഉടമസ്ഥാവകാശമാറ്റം, കണക്റ്റഡ് ലോഡ് / കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ് മാറ്റം, വൈദ്യുതി ലൈൻ / മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതിനു സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അഥവാ കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററിൽ ഫോൺ കോൾ വഴി രജിസ്റ്റർ ചെയ്താൽ മതിയാകും. |
| (ബി) | ഉപഭോക്താക്കൾക്ക് ഓൺലൈനിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ ഏതെല്ലാമാണ്; സംസ്ഥാനമൊട്ടാകെ പ്രസ്തുത സേവനം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | (ബി) | സേവനം വാതിൽപ്പടിയിൽ' (Service at Door Steps) എന്ന പദ്ധതിയിൽ ഉപഭോക്താക്കൾക്ക് പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനും, ഉടമസ്ഥാവകാശമാറ്റം, കണക്റ്റഡ് ലോഡ്/ കോൺട്രാക്ട് ലോഡ് മാറ്റം, താരിഫ് മാറ്റം, വൈദ്യുതി ലൈൻ/ മീറ്റർ മാറ്റി സ്ഥാപിക്കുക തുടങ്ങിയ സേവനങ്ങൾ ലഭിക്കുന്നതാണ്. ടി സേവനം ഓൺലൈനായി ലഭ്യമാകുന്നതിന് wss.kseb.in എന്ന വെബ്സൈറ്റ് മുഖേന അപേക്ഷിക്കാവുന്നതാണ്. കൂടാതെ ഈ സേവനങ്ങൾ ഓഫ്-ലൈനായി ലഭിക്കുന്നതിനു സേവനം ആവശ്യമുള്ള വ്യക്തിയുടെ പേരും ഫോൺ നമ്പറും ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അഥവാ കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്ററിൽ (1912) ഒരു ഫോൺ കോൾ വഴി രജിസ്റ്റർ ചെയ്താൽ മതിയാകും. അപേക്ഷ രജിസ്റ്റർ ചെയ്ത ഉടൻ തന്നെ ഉപഭോക്താവിന്റെ വീട് സന്ദർശിക്കുന്ന ഉദ്യോഗസ്ഥന്റെ പേരും സന്ദർശിക്കുന്ന തീയതിയും സഹിതം, പ്രസ്തുത അപേക്ഷ സ്വീകരിച്ചതായി ഒരു SMS സന്ദേശം |

| | | | |
|---|---|---|---|
| | | | ടോക്കൺ നമ്പർ സഹിതം ഉപഭോക്താവിന് ലഭ്യമാക്കുന്നു. അപേക്ഷ സ്വീകരിക്കുന്നത് മുതൽ സേവനം ഉറപ്പാക്കുന്നതുവരെയുള്ള നടപടിക്രമങ്ങൾ KSEBL ഉദ്യോഗസ്ഥൻ മൊബൈൽ അപ്പിന്റെ സഹായത്തോടെ നിർവഹിക്കുന്നതാണ്. ഈ സേവനം എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും ഇപ്പോൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ